# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5602** **24.05.2017**-ൽ മറുപടിക്ക്

## മലബാർ കാൻസർ സെന്ററിനെ ആർ.സി.സി. യുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി

**ചോദ്യം** **മറുപടി**

**ശ്രീ.എ. എൻ. ഷംസീർ** **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | മലബാർ കാൻസർ സെന്ററിനെ ആർ.സി.സി. യുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | എ) | മലബാർ കാൻസർ സെന്ററിനെ ഒരു പോസ്റ്റ് ഗ്രാജ്വേറ്റ് ഓങ്കോളജി ഇൻസ്റ്റിറ്റ്യൂട്ട് ആക്കി ഉയർത്താൻ മുഖ്യമന്ത്രി ചെയർമാനായുള്ള മലബാർ കാൻസർ സെന്ററിന്റെ 9-ാമത് ഗവേണിംഗ് ബോഡി മീറ്റിംഗിൽ തീരുമാനിക്കുകയും ഇതു പ്രകാരം 183 കോടി രൂപയുടെ ആദ്യ ഘട്ട പ്രൊപ്പോസൽ KIIFB (Kerala Infrastructural Investment Board) ൽ സമർപ്പിക്കുകയും ചെയ്തു. തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി BSNL നെ SPV ആക്കി കൊണ്ട് ഗവൺമെന്റ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ പ്രാംരംഭ നടപടികൾ നടന്നു വരുന്നു. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലബാർ കാൻസർ സെന്ററിന്റെ പുരോഗതിക്ക് എന്തൊക്കെ കാര്യങ്ങൾ ആണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ കാൻസർ സെന്ററിന്റെ വികസനത്തിനായി 2016-17 ബഡ്ജറ്റിൽ 2900 (രൂപ ലക്ഷത്തിൽ). 2017-18 ബഡ്ജറ്റിൽ 3500 (രൂപ ലക്ഷത്തിൽ) അനുവദിക്കുകയുണ്ടായി.<br><br>നേഴ്സിംഗ് കോളേജ്, ന്യൂക്ലിയർ മെഡിസിൻ ബ്ലോക്ക്, ലബോറട്ടറി ബ്ലോക്ക്, പീഡിയാട്രിക് ഓങ്കോളജി ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. സ്റ്റെംസെൽ യൂണിറ്റിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ഇതിനായുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ